## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2417 — 14.06. 2019 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. കമ്പനിവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. യെ കമ്പനിവത്കരിക്കുന്നതിലുള്ള കേന്ദ്ര-സർക്കാർ നയം എന്താണെന്ന് അറിയാമോ; എങ്കിൽ വിശദമാക്കുമോ;<br>(ബി) കേന്ദ്രസർക്കാരിന്റെ നിലപാട് മറികടന്ന് കമ്പനിവത്കരണം ഉപേക്ഷിക്കുവാൻ സംസ്ഥാനസർക്കാരിന് നിയമപരമായി എന്തെങ്കിലും തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നല്കുമോ ? | (എ&ബി) കേന്ദ്ര വൈദ്യുതി നിയമം 2003 അനുസരിച്ച് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകൾ പുന:സംഘടിപ്പിക്കുവാൻ സംസ്ഥാന സർക്കാരുകൾ ബാദ്ധ്യസ്ഥരായിരുന്നു. 2004 ജൂൺ പത്തിനകം പുന:സംഘടന പൂർത്തീകരിക്കണമെന്ന് വൈദ്യുത നിയമം വ്യവസ്ഥ ചെയ്തിരുന്നെങ്കിലും കേന്ദ്രസർക്കാർ അനുമതിയോടെ കെ.എസ്.ഇ.ബി – യുടെ പുന:സംഘടന നീട്ടിയിരുന്നു. എന്നാൽ 2008 സെപ്റ്റംബർ 24 വരെ മാത്രമേ കേന്ദ്രഗവൺമെന്റ് സമയം നീട്ടി അനുവദിച്ചിരുന്നുള്ളൂ. വീണ്ടും സമയം നീട്ടി തരാനുള്ള അപേക്ഷ നിരസിച്ചതിൻ പ്രകാരം കെ.എസ്.ഇ.ബിയുടെ പുന:സംഘടനയ്ക്കുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തുകയും പുന:സംഘടനയെകുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും 25.08.2008– ലെ G.O (MS).No.29/08/ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി –യെ തത്വത്തിൽ 1956 – ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം പുന:സംഘടിപ്പിക്കുന്നതിനും പൊതുമേഖലയിൽ നിലനിർത്തുന്നതിനും ഉത്തരവായി. തുടർന്ന് കെ.എസ്.ഇ.ബി – യുടെ ആസ്തി ബാധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കികൊണ്ട് കേരള ഇലക്ട്രിസിറ്റി ആദ്യ ട്രാൻസ്ഫർ സ്കീം പുറപ്പെടുവിച്ചു. ആസ്തി ബാധ്യതകൾ പുതിയതായി രൂപീകരിക്കുന്ന കമ്പനിയിലേയ്ക്ക് പുനർനിക്ഷിപ്തമാക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. പുതിയതായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14.01.2011 ൽ രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഈ കമ്പനിയിലേക്ക് 31.10.2013 ലെ സർക്കാർ വിജ്ഞാപനം വഴി രണ്ടാം ട്രാൻസ്ഫർ സ്കീം പ്രകാരം ആസ്തി ബാധ്യതകൾ പുനർനിക്ഷിപ്തമാക്കുകയും ചെയ്തു. അതനുസരിച്ച് 31.10.2013 മുതൽ കെ.എസ്.ഇ.ബി., കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ